**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. ഉത്തരവ് നം. ഇ.എ3- 4500/17/ആ.വ.ഡ തീയതി 20.01.2017
2. ഉദ്യോഗാർത്ഥികളുടെ അപേക്ഷ

**ഉത്തരവ് നം. ഇ.എ3-4500/17/ആ.വ.ഡ തീയതി 07.06.2019**

താഴെ പറയുന്ന ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടി വ്യക്തികളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി വ്യക്തികളെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| നം | പേരും മേൽവിലാസവും | പ്രവേശന കാലാവധി പൂർത്തിയാകുന്ന തീയതി | നിയമിക്കപ്പെട്ട സ്ഥലം |
|---|---|---|---|
| 1 | Dr. Mohammed Irshad.K<br>Kozhisseri House, Oravampuram,<br>Thachinganadom.P.O,<br>Malappuram-679325 | 31.05.2019 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി, കണ്ണൂർ |
| 2 | Dr. Mohamed Hasin.K.T<br>K.P. Manzil, B.P. Angadi,<br>B.P Angadi.P.O,<br>Tirur, Malappuram-676102 | 30.05.2019 | പ്രാഥമികാരോഗ്യകേന്ദ്രം കപ്പൂർ പാലക്കാട് |

ടി ഉദ്യോഗാർത്ഥികൾ 07 ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഉദ്യോഗാർത്ഥികൾ

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
(ഓരോ ഉദ്യോഗാർത്ഥികളുടെയും തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ/ മെഡിക്കൽ ആഫീസർമാർ
(ടിയാന്റെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

**GOVERNMENT OF KERALA**